# 2nd India-Australia-Japan- USA Ministerial Meeting

October 06, 2020

## 2 മത്  ഇന്ത്യ-ഓസ്‌ട്രേലിയ -ജപ്പാൻ- അമേരിക്ക മന്ത്രിതല സമ്മേളനം

ഒക്ടോബർ 06, 2020

2020 ഒക്ടോബർ 6 ന് ടോക്കിയോവിൽ നടന്ന 2 മത്  ഇന്ത്യ-ഓസ്‌ട്രേലിയ -ജപ്പാൻ- അമേരിക്ക മന്ത്രിതല സമ്മേളനത്തിൽ ഇന്ത്യൻ വിദേശകാര്യമന്ത്രി ഡോ. എസ് ജയശങ്കർ പങ്കെടുത്തു.വിദേശമന്ത്രിമാർ തമ്മിൽ 2019 സെപ്റ്റംബറിൽ തങ്ങൾ നടത്തിയ ചർച്ചയിലെ വിവരങ്ങൾ കൂടുതലായി അന്വേഷിക്കുകയും കോവിഡ്-19 ന് ശേഷമുള്ള അന്തരാഷ്ട്ര ചട്ടങ്ങളെക്കുറിച്ച് ചർച്ചചെയ്യുകയും ചെയ്തു.പകർച്ചവ്യാധിയിൽ നിന്നുണ്ടാകുന്ന സാമ്പത്തിക പ്രശനങ്ങൾ ഉൾപ്പടെയുള്ള പ്രതിസന്ധികൾക്ക് ഏകീകൃതമായ ഒരു പ്രതികരണത്തിനും ; കോവിഡ്-19 ന്റെ നേരിടുന്നതിനുള്ള മികച്ച നടപടികൾ പങ്കുവയ്ക്കുന്നതിനും; കൂടാതെ ചിലവുകുറഞ്ഞ വാക്സിനുകൾ, മരുന്നുകൾ ചികിത്സ ഉപകരണങ്ങൾ എന്നിവയുടെ ലഭ്യത ചെംച്ചപ്പെടുത്തുന്നതിനും അവർ ആഹ്വാനം ചെയ്തു.

പരസ്പരം താല്പര്യമുള്ള പ്രാദേശിക വിഷയങ്ങൾ, കണക്ടിവിറ്റി സംബന്ധമായ പ്രശ്നങ്ങൾ, മാനുഷികമായ സഹായവും ദുരന്ത നിവാരണവും;നാവിക സുരക്ഷയും സംരക്ഷണവും; ആരോഗ്യ പരിരക്ഷ കൂടാതെ തീവ്രവാദ പ്രതിരോധം എന്നിങ്ങനെ വിഷയങ്ങളിൽ വിദേശകാര്യമന്ത്രിമാർ ചർച്ച നടത്തി. സ്വതന്ത്രവും സുതാര്യവും സമഗ്രവുമായ ഇൻഡോ -പസഫിക് പ്രവിശ്യയെ പറ്റിയുള്ള പൊതുദർശനത്തെപ്പറ്റി അവർ ആവർത്തിച്ച് പറഞ്ഞു.ASEAN കേന്ദ്രീകൃതയ്ക്ക് ദൃഢമായ പിന്തുണ പ്രഖ്യാപിക്കുകയും ഇൻഡോ -പസഫിക്കിനെ കുറിച്ചുള്ള പൊതു ദർശനം സാക്ഷാത്കരിക്കുന്നതിനായി പ്രവർത്തിക്കാനുള്ള സന്നദ്ധത അറിയിക്കുകയും ചെയ്തു. ഇത്തരം സമ്മേളനങ്ങളുടെ മൂല്യം മനസിലാക്കിക്കൊണ്ട് തന്നെ ഇവ സ്ഥിരമായ രീതിയിൽ നടത്തുന്നതിന് ഇവർ അനുകൂലിച്ചു.

വിദേശകാര്യമന്ത്രി അമേരിക്ക സ്റ്റെയ്റ്റ് സെക്രട്ടറിയായ ശ്രീ മൈക്കൽ പോംപോയുമായി ഉഭയകക്ഷി സമ്മേളനം നടത്തി; കൂടാതെ ഓസ്‌ട്രേലിയ വിദേശകാര്യമന്ത്രിയായ മിസ്.മേരിസ് പയ്നെ, ജപ്പാൻ വിദേശകാര്യമന്ത്രിയായ തോഷിമിത്സു മോടെഗി എന്നിവരെ സന്ദർശിക്കുകയും ചെയ്യുന്നതാണ്. ഈ സമ്മേളനങ്ങൾ മൂലം മേല്പറഞ്ഞ മന്ത്രിമാരുമായി തുടർന്ന് വരുന്ന ഉഭയകക്ഷി സഹകരണം, പരസ്പരം താല്പര്യമുള്ള പ്രാദേശിക, ആഗോള പ്രശ്നങ്ങൾ എന്നിവ ചർച്ച ചെയ്യാനുള്ള ഒരു അവസരം പ്രദാനം ചെയ്യുകയും ചെയ്തു.

**ന്യൂ ഡൽഹി**
**06 ഒക്ടോബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.